# ഒരു തലശ്ശേരി ജീവിതം...

ചെറുകഥ

നാലു മണിക്കെന്ന് പറഞ്ഞിട്ട്, സമയം ഇപ്പോൾ അഞ്ചാവാൻ പോകുന്നു. ഇരുന്ന ഇരിപ്പിൽ തല പിന്നിൽ വെട്ടിച്ച് ഹാളിനുള്ളിൽ കണ്ണോടിച്ചു. സംഘാടകർ ഒഴിച്ചാൽ ഒരഞ്ചെട്ടുപേർ കാണും. ചിലർ വെറുതേ നിന്ന് പുസ്തകം നോക്കുകയോ മറ്റു ചിലർ എടുത്ത് പരിശോധിക്കുകയോ ചെയ്യുന്നു. നിരത്തിയിട്ട കസേരകളിൽ ഞാനടക്കം നാലുപേർ മാത്രം!

മനോജ് ഉത്സാഹത്തോടെ ഓടി നടക്കുന്നുണ്ട്. പുസ്തകോത്സവത്തിന് അനുബന്ധമായി ഇപ്പോൾ നടക്കാൻ പോവുന്ന സംവാദത്തിന്റെ മോഡറേറ്ററാണവൻ. ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ കുറച്ച് വർഷങ്ങൾക്ക് മുമ്പെഴുതപ്പെട്ട നോവലും, അടുത്തിടെ പുറത്തിറങ്ങിയ സിനിമയും അടിസ്ഥാനമാക്കിയാണ് സംവാദം. പരിപാടിയുടെ കളർഫുൾ ഡിജിറ്റൽ പോസ്റ്റർ സോഷ്യൽ മീഡിയകളിൽ ദിവസങ്ങൾക്ക് മുമ്പേ പോസ്റ്റ് ചെയ്ത്, സുഹൃത്തുക്കളേയും സഹൃദയരേയും അവൻ ക്ഷണിച്ചിട്ടുണ്ടായിരുന്നു. നൂറു കണക്കിന് ആൾക്കാർ ക്ഷണം സ്വീകരിക്കുകയും പ്രതികരിക്കുകയും ചെയ്തു എങ്കിലും, ഒഴിഞ്ഞ കസേരകളെ സാക്ഷിനിർത്തി പരിപാടി ആരംഭിക്കുകയാണെന്ന അറിയിപ്പുണ്ടായി.

സിനിമയുടെ സംവിധായകൻ, നോവലിസ്റ്റ്, സാഹിത്യസാംസ്ക്കാരിക രംഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന രണ്ട് പ്രതിഭകൾ, നോവൽ വായനക്കാരുടെ മുന്നിൽ എത്തിച്ച യുവപത്രപ്രവർത്തക... എന്തുകൊണ്ടും വേദി അതിന്റെ ഗരിമയെ പ്രകാശിപ്പിക്കുന്നുണ്ട്. ആവിഷ്ക്കാര സ്വാതന്ത്ര്യം.... കൊലപാതക രാഷ്ട്രീയം... രാജ്യസ്നേഹം... ഫാഷിസം... എന്നിങ്ങനെ സംവാദം ചൂടുപിടിച്ചു വന്നു. ഇടയിൽ മനോജ് ഒരു ചോദ്യമെടുത്തെറിഞ്ഞപ്പോൾ പ്രതികരിക്കാതിരിക്കാൻ പറ്റുമായിരുന്നില്ല. ഞാനും ചേർന്നതു കൊണ്ടാണോ എന്നറിയില്ല സാർത്ഥകമായി തോന്നിയ സംവാദം മഴ തിമർത്ത് തീർന്നത് പോലെ പെട്ടെന്ന് അവസാനിച്ചതായി തോന്നി.

പുസ്തകങ്ങൾ മറിച്ച് നോക്കുന്നതിന് ഇടയിലാണ് മനോജ് കൂട്ടിക്കൊണ്ട്പോയി നോവലിസ്റ്റിനെ പരിചയപ്പെടുത്തുന്നത്. നോവൽ മുന്നേ വായിച്ചതാണ്. എഴുത്തുകാരനെ നേരിട്ട് കാണുന്നത് ആദ്യം. നേരിൽ കണ്ടാൽ ചോദിക്കാൻ പലതും കരുതിവെച്ചിരുന്നെങ്കിലും, നോവൽ നന്നായെന്ന് മാത്രം സൂചിപ്പിക്കാനെ പറ്റിയുള്ളൂ. ഇപ്പോൾ പരിചയപ്പെട്ട രണ്ടു പേരുമായി സൗഹൃദ സംഭാഷണത്തിലാണ് പത്രപ്രവർത്തക. ബോധപൂർവ്വം തിരസ്ക്കരിക്കപ്പെട്ട നോവലിനെ (സംവാദത്തിനിടെ അവർ എടുത്തു പറഞ്ഞ കാര്യം) തന്റെ ഫീച്ചറിലൂടെ വായനാസമൂഹത്തിന് മുന്നിൽ എത്തിക്കുകയും ചർച്ചയാക്കുകയും ചെയ്ത അവരുടെ സദുദ്യമത്തെ അഭിനന്ദിച്ചു. കുശലാന്വേഷണങ്ങൾക്ക് മറുപടി പറഞ്ഞ്, പിന്നെ ഒരധികപറ്റാണെന്ന ബോധ്യത്തിൽ തടിതപ്പാൻ നോക്കുമ്പോഴാണ് മനോജ് എല്ലാവരേയും ചായക്ക് ക്ഷണിക്കുന്നത്. ഞങ്ങൾ ആറുപേർ ഹാളിന് തൊട്ടുതാഴെയുള്ള ടീഷോപ്പിൽ നിരന്നിരിക്കുമ്പോൾ തന്നെ

സംവാദത്തിന്റെ അടുത്തഘട്ടം ആരംഭിച്ചിരുന്നു. ചായക്കും കട്ടനും അകമ്പടിയായി ചൂട് നെയ്പ്പത്തലും എടുക്കട്ടെ എന്ന സപ്ലെയറുടെ ചോദ്യം പെട്ടെന്ന് കൂലങ്കഷമായ ചർച്ചയ്ക്ക് തുടക്കമിട്ടു. നെയ്ക്കടിയാണ്... വെളിച്ചെണ്ണയല്ല, ഓയിലായിരിക്കും... എണ്ണ വീണ്ടും വീണ്ടും ചൂടാക്കിയാൽ വിഷമാണ്... ഫാസ്റ്റ്ഫുഡ്.... കൊളസ്ട്രോൾ... വൈകുന്നേരമല്ലെ, കാലിമതി... എന്നിങ്ങനെ സംവാദം കൊഴുക്കുമ്പോൾ, മോഡറേറ്ററുടെ വിവേചനാധികാരം ഉപയോഗിച്ച് ചൂട് നെയ്പ്പത്തലിന് തന്നെ മനോജ് വിളിച്ചുപറഞ്ഞു.

ഗൗരവപ്പെട്ട വിഷയങ്ങൾ ഓരോരുത്തരും മാറി മാറി പിടിക്കുകയാണ്. ചർച്ചയിൽ ഇടപെടാൻ ഒരു പ്രവേശനം സാധ്യമാവാതെ നെയ്പ്പത്തൽ പൊട്ടിച്ചെടുത്ത് അതീവശ്രദ്ധയോടെ ഞാൻ തിന്നു തീർത്തു. മുമ്പിലിരിക്കുന്ന യുവതിയുടെ രണ്ട് കവിതാസമാഹാരം ഇറങ്ങിയിട്ടുണ്ട്. കൂടെയുള്ള യുവാവ് അധ്യാപകനും എഴുത്തുകാരനുമാണ്. കൂടെ കഴിക്കുന്നവരെല്ലാം കേമന്മാർ തന്നെ....! ഇവരുടെ കൂടെ ഒരു സെൽഫിയെടുത്ത് ഫേസ്ബുക്കിൽ കിടിലനൊര് അടിക്കുറിപ്പോടെ പോസ്റ്റ് ചെയ്യേണ്ടതാണ്. എന്തുകൊണ്ടോ എന്റെ അപകർഷകത അത് വേണ്ടെന്നുവെച്ചു.

സുഹൃത്തുക്കൾ രണ്ടാളും പത്രപ്രവർത്തകക്ക് കൂട്ടായി റെയിൽവെ സ്റ്റേഷനിലേക്ക് പോയി. കരുതി വെച്ചിരുന്ന ഒരു ചോദ്യം ഇപ്പോഴാണ് നോവലിസ്റ്റിനോട് ചോദിക്കാൻ തോന്നിയത്. മറുപടി ആദ്യം ഒരു ചെറുചിരിയായി നീണ്ടുപോയി. പിന്നെ തികഞ്ഞ അവധാനതയോടെയാണ് പറഞ്ഞത് ''എല്ലാ ഭാഗത്ത് നിന്നും എതിർപ്പുണ്ട്. അത് അദ്യേ അറിയാര്ന്ന്.... എത്രാന്ന് വെച്ചാ ഒന്നും പറയാതിരിക്ക്യാ... നമ്മുടെ നാട്ടിലെ ഈ കലാപരിപാടി എന്തായാലും അവസാനിക്കണം...'' പറഞ്ഞ് കഴിമ്പോഴേക്കും വിഷാദം ആ മുഖത്ത് പടർന്ന് കേറുന്നത് കണ്ടു. ചെണ്ടയാട്ടും കതിരൂരും ചില അനിഷ്ടസംഭവങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായിട്ടുണ്ട്. ദിവസങ്ങൾക്ക് മുമ്പാണ് മട്ടന്നൂർ ഭാഗത്ത് ഒരു യുവാവ് വെട്ടേറ്റ് മരിച്ചത്. പുറമേ എല്ലാം ശാന്തമാണ്, അടിയിൽ എവിടെയോ ആണ് കനലെരിയുന്നത്....!

''ഭാഗ്യമുണ്ടെങ്കിൽ വീണ്ടും കാണാം...!'' തമാശയെന്നവണ്ണം നോവലിസ്റ്റ് കൈപിടിച്ച് തുറന്ന് ചിരിക്കുമ്പോൾ, എന്തോ എന്റെ ചിരി വലിഞ്ഞ് പിടിച്ചുനിന്നു. നല്ല ഒന്ന് രണ്ട് പുസ്തകങ്ങൾ വാങ്ങണം എന്നുള്ളത് കൊണ്ട് മനോജിന്റെ കൂടെ ഹാളിലേക്ക് തിരിച്ചുകയറി. പതിനായിരക്കണക്കിന് പുസ്തകങ്ങൾ മേശമേൽ അടക്കത്തോടെ ഒതുക്കി വെച്ചിരിക്കുന്നു. പ്രസാദം ചോർന്നതും ആകെ ഉടഞ്ഞുപോയതുമായവ പാതിവിലക്ക് ഞങ്ങളെ സ്വന്തമാക്കൂ എന്ന് നീട്ടിവിളിച്ച് പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നു. നോവലുകളുടെയും കഥകളുടെയും സമീപത്തെത്തിയപ്പോൾ എന്തോ ഒരു സന്തോഷം ഉള്ളിൽ നിറഞ്ഞുവന്നു. മലയാളത്തിലെ അറുപത് കഥകൾ അരുമയോടെ കൈയ്യിലെടുത്ത്, മരപ്പാവകൾ മുതൽ ഞങ്ങളുടെ ആണുങ്ങളും പെണ്ണുങ്ങളും വരെയുള്ള ഉജ്ജ്വല കഥകളെ തൊട്ടും തലോടിയും നിന്നും. പിൻഭാഗത്തെ വിലനിലവാരം കണ്ടപ്പോൾ എടുത്ത സ്ഥലത്തു തന്നെ പുസ്തകം തിരികെവെച്ചു. പെട്രോളിനും ഡീസലിനും പോലെ പുസ്തകങ്ങൾക്കും വില കുതിക്കുകയാണ്. ഒന്നോർത്താൽ ഇപ്പോൾ വിലയില്ലാത്തതായി... ... ഓ... അത് വിടാം. നേരത്തെ കഴിച്ച ചായയുടേ

താവാം ഒരു തേട്ടൽ ഉയർന്ന് വന്ന് തൊണ്ടയിൽ എരിവും പുളിയും പടർത്തുമ്പോൾ കൈയ്യിലൊതുങ്ങാവുന്ന രണ്ട് കൊച്ചു പുസ്തകങ്ങളേയും കൂട്ടി കൗണ്ടറിലേക്ക് നടന്നു.

മനോജും കൂടെയിറങ്ങി. ബസ്സ്റ്റാന്റിന് കുറച്ചു കൂടി മുന്നോട്ട് റോഡിന് പടിഞ്ഞാറ് വാഹനങ്ങൾ നിർത്തിയിട്ടിരുന്ന ക്ഷേത്രവളപ്പിലാണ് ആക്ടീവ പാർക്കുചെയ്തിരുന്നത്. ക്ഷേത്രത്തിൽ നടയടച്ചിട്ടില്ല. ദൂരെ നിന്ന് തൊഴുത് പ്രാർത്ഥിച്ചു. മനോജിനെ പുതിയ ബസ്സ്റ്റാന്റിൽ ഇറക്കി. ഞാൻ പരിപാടിക്ക് വരുമെന്ന് അവൻ പ്രതീക്ഷിച്ചില്ലാത്രെ...! വന്നത് അവന് വലിയ സന്തോഷമായെന്ന്... എനിക്കും അങ്ങിനെത്തന്നെ...!

യാത്ര പറഞ്ഞ് മനോജ് ബസ്സ്റ്റാന്റിലേക്ക് നടന്നു തുടങ്ങിയതിന് ശേഷമാണ് വാച്ചിൽ നോക്കിയത്. സമയം എന്തൊരു പാച്ചലാണ് പായുന്നത്. ഇപ്പോൾ എട്ടര. വീട്ടിലെത്തുമ്പോൾ ഒമ്പതരയെങ്കിലുമാവും. കുറച്ചായി ഇങ്ങനെ വൈകാറില്ലാത്തതുകൊണ്ട് വിളിച്ച് പറഞ്ഞേക്കാം. ഞാനും അനുജനും വളർന്നതോടെ ഏതോ ഒരു ഭീതി അമ്മയിലും വളർന്നിട്ടുണ്ട്. സുഖസുഷുപ്തിയിലായിരുന്ന ലനോവയെ കയ്യിലെടുത്ത് ഞെക്കിയുണർത്തി. റിംങ്ങ് ചെയ്യുന്നുണ്ട്... എടുക്കാൻ എന്താണിത്ര താമസം..? അമ്മ സീരിയലിൽ തന്നെ മുഴുകിപ്പോയോ?

അമ്മ ഇപ്പോൾ ഇങ്ങനെയാണ്. എന്ത് പറഞ്ഞാലും എല്ലാം മൂളികേൾക്കും, അല്ലേൽ തലയാട്ടിയതുപോൽ സമ്മതമറിയിക്കും. മറുചോദ്യം ചോദിക്കുന്നതേ ഇപ്പോൾ ഇല്ലാതായി. മുൻപ് ഏത് കാര്യം പറഞ്ഞാലും അതിന്റെ വിത്തും വേരും ചികഞ്ഞെടുക്കുന്ന ആളായിരുന്നു. അച്ഛൻ പോയതിൽ പിന്നെയാണ് അമ്മയിലിങ്ങനെ ഒരു ഉൾവലിയൽ ഉണ്ടാവുന്നതും, എന്നിൽ നിന്ന് ഒരു അകലം സൂക്ഷിക്കുകയും ചെയ്യുന്നത്. എന്നാൽ അനുജനോട് അതുകാണാനുമില്ല.

വൈകിയത് കൊണ്ടാവണം റോഡിൽ വാഹനങ്ങൾക്ക് കുറവുണ്ട്. റോഡിനിരു ഭാഗത്തും നിരനിരയായി ഉയർന്നു വരുന്ന ഒട്ടേറെ കെട്ടിടങ്ങൾ, വലിയ ഷോപ്പിങ്ങ് മാളുകൾ. ഞാൻ വിചാരിച്ചിരുന്നത് പോലെ വടകര ചെറിയൊരു ടൗണല്ല...! ഹൈവേയിൽ നിന്ന് ശകലം പടിഞ്ഞാറ് മാറിയാണ് വടകരയുടെ ഹൃദയമെന്ന് മനോജ് പറഞ്ഞത് ഇന്ന് ബോധ്യപ്പെട്ടു. തടയണ തകർന്ന് ഇരമ്പി ഒഴുകുന്ന മഴവെള്ളംപേലെ പഴയ ബസ്റ്റാന്റിൽ വൈകുന്നേരം കണ്ട ജനപ്രവാഹം... അതിന്റെ ചുഴിയിൽ ഞാൻ കിടന്ന് കറങ്ങിയത്...!

ഫേസ്ബുക്ക് അക്കൗണ്ട് തുടങ്ങിയിട്ട് എട്ട് വർഷമായെങ്കിലും, ഏറെക്കാലം എനിക്കത് നേരംകൊല്ലാനുള്ള ഏർപ്പാടായിരുന്നു. പ്രൊഫൈൽ ചിത്രമായി എന്റെ തന്നെ വ്യത്യസ്ത ഫോട്ടോസ് പോസ്റ്റ് ചെയ്യുക, അതിന് കിട്ടുന്ന ലൈക്കും കമന്റും തിട്ടപ്പെടുത്തുക, ശാലീനസുന്ദരികളേയും നൊസ്റ്റാൾജിക്കായ ചിത്രങ്ങളും ടാഗ് ചെയ്യുക... ഹോട്ടായ ചില സംഗതികൾ ഡൗൺലോഡ് ചെയ്ത് രഹസ്യ അറകളിൽ സൂക്ഷിക്കുക തുടങ്ങിയ ചില കലാപരിപാടികൾ മാത്രം. ആയിടയ്ക്കാണ് സർവകലാ

ശാലയിലെ ഒരു ദളിത് വിദ്യാർത്ഥിയുടെ ആത്മഹത്യ സോഷ്യൽ മീഡിയകളിൽ കത്തിക്കയറിയത്. പലരും fbയിൽ അഭിപ്രായങ്ങൾ പെടച്ചതുകണ്ടപ്പോൾ, എന്റെയൊരു തോന്നൽ ഞാനും കിടിലനായങ്ങ് പാസ്സാക്കി. അതിന് ഞാൻ പ്രതീക്ഷിച്ചതിന്റെ പത്തിലൊന്നുപോലും പ്രതികരണങ്ങൾ ലഭിച്ചില്ല. അതിനിടയിലാണ് ഏതോ ഒരുവൻ എന്നെ നികൃഷ്ടനും യൂദാസുമാക്കി കമന്റിട്ടത്. നെഞ്ചിൽ വല്ലാത്തൊരു പോറലുമായി നിൽക്കുന്ന സമയത്താണ് എന്നെ ശക്തമായി ന്യായീകരിച്ചും ആ ദ്രോഹിക്ക് ചുട്ട മറുപടിയുമായി ഒരു സ്നേഹദൂതൻ ഇൻബോക്ക്സ്സിൽ തെളിഞ്ഞത്... മനോജ് വടകര...!

വേഗം തന്നെ ഫ്രണ്ട് റിക്വസ്റ്റയച്ചു. ഇരിങ്ങലുകാരൻ... പ്രൊഫൈൽ നോക്കിയപ്പോൾ ആള് പുലിയാണ്. വടകരയിൽ ഒരു ലോക്കൽ ചാനലിൽ ആണ് ജോലി. ഒരു കവിതാസമാഹാരം പുറത്തിറക്കിയിട്ടുണ്ട്. വടകരയിലെ സാംസ്ക്കാരിക കൂട്ടായ്മകളിൽ ആള് സജീവമാണ്. പുസ്തകോത്സവവുമായി ബന്ധപ്പെട്ട് അവർ സംഘടിപ്പിച്ച സംവാദത്തിലേക്ക് ക്ഷണിച്ചപ്പോൾ വരാതിരിക്കാൻ കഴിയില്ലല്ലോ...! നമ്മുടെ തലശ്ശേരിയിലും സാംസ്ക്കാരിക സായാഹ്നങ്ങൾ വിരളവും പങ്കാളിത്തംകൊണ്ട് ഇതുപോലെ ശുഷ്ക്കവുമായി പോവുന്നത് എന്തായിരിക്കാം...?

മുന്നിൽ പോവുന്ന ഓട്ടോറിക്ഷ പെട്ടന്നാണ് വേഗത കുറച്ച് ഇടതുഭാഗത്തേക്ക് വെട്ടിച്ചത്. ഹൈവേയിൽ നിന്ന് പോക്കറ്റ് റോഡിലേക്ക് ചരിഞ്ഞിറങ്ങുമ്പോൾ മാത്രമാണ് ഓട്ടോയുടെ ഇന്റിക്കേറ്റർ തെളിഞ്ഞുള്ളൂ. എന്തോ മഹാഭാഗ്യത്തിന് പിന്നിലിടിക്കാതെ രക്ഷപ്പെട്ടു. അല്ലേലും ഈ ഓട്ടോക്കാരിൽ ഭൂരിപക്ഷത്തിനും ട്രാഫിക്ക് നിയമങ്ങളൊന്നും ബാധകമേയല്ല എന്നമട്ടാണ്. ടൗണിലൂടെ തലങ്ങും വിലങ്ങുമോടുന്ന മിനി ആംബുലൻസ്സുകളാണ് ഓട്ടോകളെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. നല്ല തണുത്ത കാറ്റ് മുഖത്തടിക്കുമ്പോൾ എന്തോ ഒരു സുഖം..!

ഈ ഗുളിക വണ്ടികളുടെ പിന്നിൽ പെട്ടാൽ നമ്മൾ പെട്ടുപോകും. വേഗം പോവുകയുമില്ല, ആ ഭീമാകാരനെ വെട്ടിച്ച് കേറാനാണേൽ ചെറിയൊരു ധൈര്യക്കുറവും... സാഹസത്തിനൊന്നും മുതിരാതെ ഓട്ടം ഒന്ന് പതിയെ ആക്കി. നാലുപാടും ചിതറിവീണ ഗോപുരവെളിച്ചത്തിൽ ചോമ്പാൽ മത്സ്യബന്ധന തുറമുഖം എന്ന് നീലയിൽ വെള്ളകൊണ്ടെഴുതിയ ബോർഡ് കണ്ടു. ഈ റോഡിലൂടെ പോയാൽ ചോമ്പാൽ കടപ്പുറമായിരിക്കും...? നമുക്ക് മീൻ കൊണ്ടുവരുന്ന മമ്മൂട്ടിക്ക ചോമ്പാലിന്നാണു പോലും മീനെടുക്കുന്നത്...! ആ ഒടപൊളി എമൈറ്റിയിൽ ഇവിടം വരെവന്ന് അയാൾ മീനെടുക്കുന്നതിൽ ഒരു സുയിപ്പുണ്ട്. ചോമ്പാലയിലെ ഫ്രഷ് മീനാന്ന് പറഞ്ഞ് മമ്മൂക്ക തരുന്ന മീനധികവും ചീഞ്ഞതും വയറുപൊട്ടിയതുമായിരിക്കും...!

ഏതായാലും മമ്മൂക്ക ഒരു രസികൻ കഥാപാത്രമാണ്. വഴിനീളെ നാവുവെക്കാതെ വളവളാന്ന് അയാൾ ഉച്ചത്തിൽ വർത്തമാനം പറഞ്ഞുകൊണ്ടേയിരിക്കും. മീൻവാങ്ങുന്നേരം കുട്ടികൾ കൂടെയുണ്ടെങ്കിൽ അവർക്കായി ഒരു വേളൂരിയൊ മത്തിയൊ ഫ്രീയായി ചട്ടിയിലിട്ടുകൊടുക്കും. ഈ ഓസ്സിന് കിട്ടുന്നത് ആർക്കായാലും വല്യ കാര്യാണല്ലോ... പ്രത്യേകിച്ചും നമ്മുടെ പെണ്ണുങ്ങൾക്ക്....! ഇയാളെ കണ്ടതു മുത

ലാണ് മമ്മൂട്ടിയെന്ന പേര് സിനിമാനടന്മാർക്കൊന്നും പറ്റിയതല്ലെന്ന് എനിക്ക് തോന്നിത്തുടങ്ങിയത്...!

നല്ല തണുത്ത കാറ്റിൽ പാറിവരുന്ന നാറ്റം സഹിക്കാൻ പറ്റുന്നില്ല. മുന്നിൽ പോവുന്ന മീൻലോറിയുടെ പൃഷ്ഠഭാഗത്ത് കരിവീരന്റെ ലിംഗം തൂങ്ങിക്കിടക്കുന്നതുപോലെ കറുത്ത് ചുരുണ്ടൊരു റബ്ബർ കുഴൽ ഞാന്നുകിടക്കുന്നു. അവൻ ഒരുളുപ്പുമില്ലാതെ റോഡുനീളെ സ്ഖലിപ്പിച്ച് രസിച്ചങ്ങിനെ പോവുകയാണ്. ചാലുവരച്ചൊഴുകുന്ന ആ ശ്വേതസ്ഖലിതത്തിന്റെ ചൂരിൽ നമ്മുടെ ഹൈവേകൾ തന്മയപ്പെട്ടുപോയി. റോഡ് മലിനമാക്കുന്നതിന് എതിരെ ജനകീയ പ്രതിഷേധങ്ങൾ ഉയർന്നുവരേണ്ട സമയം അതിക്രമിച്ചു. ഇന്ന് എന്തായാലും fbയിൽ ഇക്കാര്യം കിടുവായി കാച്ചണം.

എത്ര പെട്ടന്നാണ് കുഞ്ഞിപ്പള്ളിയെത്തിയത്. എറമുള്ളാൻ ആൾമറയില്ലാത്ത കിണറ്റിൽ നിന്നും വെള്ളം കോരിക്കോരി സിമന്റ് ടാങ്കിൽ നിറച്ചത് ഈ പള്ളിയിലായിരുന്നോ...? ഏതായാലും ഇവിടുത്തെ ആണ്ട് നേർച്ചയുടെ ചന്തയിൽ വെച്ചാണ് ബാപ്പുകണാരന് കുരുമുളക് വിറ്റുകിട്ടിയ കാശ് നഷ്ടപ്പെടുന്നത്. ആ കാശ് അടുത്ത വർഷത്തെ ആണ്ട് നേർച്ചക്ക് തിരികെ കിട്ടുന്നതെല്ലാം എന്തൊര് അതിശയമാണ്...! 'മന്ശ്യന്മാരുടെ ഒരു കൊല്ലാണ് ജിന്ന്കൾടെ ഒരു ദെവസംന്ന്' വെളിപ്പെടുത്തിയ ആ ഡോക്ടർ പരലോകത്തിരുന്ന് കഥകൾ പറയുകയാകുമോ?

വലതുവശത്തായി പോലീസ് ചെക്കിംങ്ങ് ഉണ്ട്. ഏമാന്മാർ ഒരു ജീപ്പ് വളഞ്ഞിട്ട് പരിശോധിക്കുന്നത് കണ്ടപ്പോൾ, അടിത്തട്ടിൽ നിന്ന് ഊറിവന്നൊരു ചിരി ചുണ്ടിന്റെ ഇടത് തുമ്പിനെ വിവൃതമാക്കിക്കൊണ്ട് പുറത്തേക്ക് ചാടി. എല്ലാം ഒരു ബോധ്യപ്പെടുത്തൽ. എന്നാൽ മദ്യം കടത്തുന്നവർ ഏതുവഴിക്കാണ് പോകുന്നതെന്ന് ഏമാന്മാർക്ക് കൃത്യമായിത്തന്നെ അറിയാം. അഴിയൂർ കഴിഞ്ഞ് പൂഴിത്തല ജംങ്ഷനെത്തിയിരിക്കുന്നു. ഇതായിരിക്കണം സംസ്ഥാനാതിർത്തി. വൈറ്റ് റംമ്മിൽ സോഡ ഒഴിച്ചപോലെ രണ്ട് സ്റ്റേറ്റുകൾ ലയിച്ചുചേർന്നിരിക്കുന്നു....

മാഹി ഈ സമയത്തും അർമാദിക്കുകയാണ്. വെള്ളിവെളിച്ചത്തിൽ വിളറിവെളുത്ത് നിരന്നുനിൽക്കുന്ന മദ്യശാലകൾ. അവയ്ക്കുമുന്നിൽ തമ്പടിച്ചവരിലും നടപ്പാതയിലൂടെ ഉച്ചത്തിൽ സംസാരിച്ച് പോകുന്നവരിൽ ഏറെയും അന്യനാട്ടുകാരാണ്. സന്ധ്യയായാൽ മാഹിക്ക് ഏതോ ഉത്തരേന്ത്യൻ പട്ടണത്തിന്റെ തുടിപ്പുകൾ കൈവരും. സിവിൽ സ്റ്റേഷന്റെ ഓരം ചേർന്ന് ഇറങ്ങിവരുമ്പോൾ, നടപ്പാതയിൽ മാന്യമായി വസ്ത്രം ധരിച്ച ഒരു ചെറുപ്പക്കാരൻ സുഖശയനത്തിലാണ്. മരിച്ചപോലുള്ള ആ ഉറക്കം കാണുമ്പോൾ ആർക്കായാലും അസൂയ തോന്നും...! ടാഗോർ പാർക്ക് ഇപ്പോഴും ഉണർന്നിരിക്കുന്നു. സന്ധ്യ കറുത്താൽ പാർക്കിലും, കടലിലേക്കുള്ള തെക്കുവശത്തെ വഴിയിലും ഇരകളെ ഉന്നംവെച്ച് കാത്തിരിക്കുന്ന കുണ്ടന്മാർ... ഇവരുടെ വിളയാട്ടമായിരിക്കുമിപ്പോൾ. തൊട്ടപ്പുറത്തെ മൂലയിൽ തന്നെയാണ് പോലീസ് സ്റ്റേഷനെന്നത് കൗതുകകരം തന്നെ...!

നടപ്പാതയിൽ നീളെ നീളെ നാട്ടിയ വിളക്കുതൂണിലെ വെളിച്ചം മയ്യഴിപ്പുഴയിലെ കുഞ്ഞോളങ്ങൾ മനോഹരമായി പ്രതിഫലിപ്പിക്കുന്നു. മുമ്പ് ഏതോ പുസ്തകത്തിൽ കണ്ട തെംസ് നദീതീരത്തിന്റെ ചിത്രം പോലെ ഒരു തോന്നൽ...! തെംസ് തന്നെയല്ലെ...? പാലത്തിന് വലതുവശത്ത് മയ്യഴിപ്പുഴ കരിമ്പടം നീട്ടിവിരിച്ചപ്പോലെ കറുത്തിരുണ്ട് കിടക്കുന്നു. കണ്ണൂർ ജില്ലയുടെ സ്വാഗതകവാടത്തിൽ എക്സൈസുകാർ ഇപ്പോഴും ജാഗരൂകരായി നിൽക്കുന്നുണ്ട്. റോഡ് ഇപ്പോൾ മലമ്പാമ്പ് കിടന്നപോലെ വളഞ്ഞ് പുളഞ്ഞ് മുകളിലോട്ട് കയറാൻ തുടങ്ങുന്നു.

പോകുന്തോറും അരണവാല് പോലെ റോഡ് നേർത്ത് വരുന്നു. ഇടതുഭാഗത്ത് നിലാക്കാഴ്ച്ചയിൽ കടലിപ്പോൾ ശാന്തമാണ്. തലായി ഹാർബറിന്റെ പണി തുടങ്ങിയിട്ട് കാലം കുറേയായില്ലേ..? കഷ്ടി ആറുമീറ്റർ പോലും വീതിയില്ലാത്ത ദേശീയപാതയിലൂടെയാണിപ്പോൾ ഞാൻ മുന്നേറുന്നത്. റോഡിന് അതിരിട്ട ചെറിയ ചെറിയ വീടുകളുടെ ചുമരുകൾ ഭീതിയുണർത്തുന്നു. വലിയ വണ്ടികൾ ഒന്നു പാളിപ്പോയാൽ, അകത്ത് ചുരുണ്ട് കിടന്നുറങ്ങുന്നവർക്ക് പിന്നെ നീണ്ട് നിവർന്ന് കിടക്കാം...!

സെയ്ദ്ദാർപള്ളി കാണുമ്പോൾ കുട്ടിക്കാലത്ത് കല്ല്യാണപ്പൊരയിലെ കോളാമ്പി മൈക്കിലെ പാട്ടാണ് ഇന്നും ഓർമ്മയിൽ വരുന്നത്.

‘തച്ചോള്യോതേനൻ കുഞ്ഞ്യോതേനൻ,

പൊന്ന്യം കളരീല് പൊയ്ത്തിന് വന്നേ...

പൊന്ന്യം കളരീല് പൊയ്ത്തിന് വന്നേ...’

നിറനാഴി, വെറ്റില, അടക്ക, പുകയില, ചുണ്ണാമ്പ് ഇവ കിണ്ണത്തിൽ വെച്ചതിനു ശേഷം മാതുവമ്മയുടെ നേതൃത്വത്തിൽ നാട്ടിപ്പാട്ട് ജോറാവും. നമ്മൾ കുട്ടികൾ ആവേശത്തോടെ അതേറ്റുപാടും. പെൺപാട്ടുകാർ അരങ്ങൊഴിഞ്ഞതിന് ശേഷമാണ് ഞങ്ങൾ കുട്ടികൾക്കുള്ള അവസരം. എത്രയെത്ര കല്ല്യാണപ്പൊരകളിൽ തൊണ്ട തുറന്ന് പാടിയിരിക്കുന്നു...!

‘സൈദ്ദാറ് പള്ളീന്ന്, മേലോട്ടുനോക്കുമ്പം

സൈദാറ് പള്ളീന്റ ആകാശം കണ്ടോളേ...

മഞ്ഞള് കൊത്തമ്പാരീ, ഇഞ്ചിപെരിഞ്ചീരകം

അമ്മീമലിട്ടിറ്റ് നീട്ടിയരച്ചോളേ...’ അങ്ങനേയും ഒരു കാലം...!

പഴയ ബസ്സ്റ്റാന്റിൽ പോവാതെ, മട്ടാമ്പ്രം പള്ളീന്ന് വലത് തെറ്റിപോവുന്നതാവും എളുപ്പം. നാരങ്ങാപ്പുറം, തിരുവങ്ങാട് ജംങ്ഷൻ വഴി ചിറക്കര പിടിക്കാം. സായ്പ്പന്മാർ ഉണ്ടാക്കിയ എരഞ്ഞോളിപ്പുഴയുടെ പാലം ഇപ്പോഴും തലയെടുപ്പോടെ നിൽക്കുന്നു. തൊട്ടുതന്നെ നോക്കുകുത്തിപോലെ പില്ലറിൽ പകുതികിടന്ന് പുതിയ പാലം തുരുമ്പെടുക്കുന്നു. പാലത്തിന് ശേഷം റോഡ് പുത്തനായി കിടക്കുന്നു.

കേഡി മുക്കിൽ നിന്ന് തെറ്റി പോയാൽ രണ്ടു കിലോമീറ്ററേ വീട്ടിലേക്കുള്ളൂ. ഒരു മൈൽ കഴിഞ്ഞ്, സറാമ്പിയിൽ നിന്ന് വീട്ടിലേക്ക് നല്ല റോഡായതിനാൽ അതാണ് പതിവ്. പക്ഷേ ഒരുപാട് ചുറ്റണം. വണ്ടിയുടെ വേഗത കുറച്ചു. മുന്നിൽ കുറച്ച് അകലത്തിലായി ഒരു ലോറി വരുന്നുണ്ട്. പിന്നിലോട്ടൊന്ന് കണ്ണെറിഞ്ഞു... വാഹനങ്ങളൊന്നുമില്ല. ഇന്റിക്കേറ്ററിട്ടെങ്കിലും ഒരു നിമിഷം വെട്ടിക്കാൻ അറച്ചു. ഇനി യേതായാലും ലോറി പോവട്ടെ. ഡിമ്മിലല്ലാത്ത ലോറിയുടെ വെളിച്ചം കണ്ണുകളിൽ വേട്ടാളനെപ്പോലെ തുരന്ന് കയറുന്നു. വണ്ടി ഇടതു കാലിൽ താങ്ങി നിർത്തി. പിന്നിൽ നിന്നും ബുള്ളറ്റിന്റെ ശബ്ദം ചീള് പോലെ തെറിച്ചുവരുന്നുണ്ട്. ഒപ്പം ബൈക്കിന്റെ ഇര മ്പലും. ഇടത് ഭാഗത്തൂടെയാണ് ബുള്ളറ്റ് മുന്നിലേക്ക് ഗർജ്ജിച്ച് കയറിയത്. തൊട്ടുപി ന്നിൽ ബൈക്ക് വലീയ ശബ്ദത്തിൽ ഇരമ്പി നിൽക്കുന്ന അതേ സമയമാണ് ഭൂമി പിളർത്തുന്ന അത്യുഗ്രൻ സ്ഫോടനം നടന്നത്...!

വണ്ടിയിൽ നിന്ന് തെറിച്ചു വീഴുന്നത് ഞാനറിയുന്നുണ്ട്. ചിതറിത്തെറിക്കുന്ന മുള്ളാണിയും ഗ്ലാസ്സ് ചീളുകളുമായിരിക്കാം കൈകളിലും കഴുത്തിലും തുളഞ്ഞ് കയറു ന്നത്. ഹെൽമറ്റിൽ പതിച്ച ഗംഭീരമായ ഒരടിക്കൊപ്പമുണ്ടായ തിരിച്ചറിവിൽ, കമഴ്ന്നി ടിച്ച് വീണിടത്തുന്നിന്ന് പിടഞ്ഞെണീറ്റു. ചുറ്റും ആക്രോശങ്ങളും പുകയും പൊടിയും. മഹാഭാഗ്യം, കാലുണ്ട്..! തെന്നിപ്പോയ ഹെൽമെറ്റ് നേരെയാക്കി. ഇരുട്ടിനെ വകഞ്ഞുമാറ്റി ഓടുന്നതിനിടയിൽ ഭീതിയോടെ കൈ രണ്ടുമുണ്ടോയെന്ന് ഉറപ്പുവരു ത്തി. മുന്നിൽ കണ്ട ഇടവഴിയിലേക്ക് ചാടാനൊരുങ്ങുമ്പോൾ, ആരൊക്കെയോ പമ്മിയി രിക്കുന്നതു പോലെ... മുന്നോട്ടേക്ക് പറന്നു. റോഡിൽ നിന്നും വാഴത്തോട്ടത്തിലേക്ക് കുതിച്ചു. അതിന്റെ ഉള്ളിലേക്കൂളിയിട്ട് ഒരു വാഴയുടെ മറവിൽ ചെന്നുപതിച്ച് കിതച്ചു.

വാഴക്കൂട്ടത്തിന് ഇടയിലൂടെയുള്ള നുറുങ്ങ് കാഴ്ച്ചയിൽ ബൈക്കിലെത്തിയ രണ്ടുപേർ ചുറ്റും തിരയുന്നത് കാണാം. അവർ എന്തൊക്കെയോ വിളിച്ച് പറയുന്നുണ്ട്. കൈ അറിയാതെ തലയിലേക്കുപോയി. ഹെൽമറ്റിൽ പോറൽ വന്ന ഭാഗത്ത് കൈവിര ലുകൾ അവിശ്വസനീയതയോടെ തരിച്ചുകിടന്നു. ഇരുമ്പ് വടിയാവാം...? ഹെൽമറ്റ് ഉണ്ടായിരുന്നില്ലെങ്കിൽ...! ഓർക്കുമ്പോൾ ഒരു പുളിപ്പ് പല്ലുകളിൽ നിന്നും ശരീരത്തി ലേക്ക് പെരുത്തുകയറിയിറങ്ങി.

ഫോൺ നഷ്ടപ്പെട്ടിരിക്കുന്നു. അത് പോട്ടെ, അതാണ് ഇതിനെല്ലാം കാരണം. സോഷ്യൽ മീഡിയയിൽ ഞാൻ പെടച്ച പോസ്റ്റുകളും കമന്റുകളും കടപുഴകി വന്നു. ‘ഇന്ത്യ മരിച്ചിട്ട് നാം ജീവിക്കുന്നത് എന്തിന്’ എന്നുതുടങ്ങുന്ന വെള്ളിത്തിരയിലെ മെഗാസ്റ്റാറിന്റെ ടോക്കിന് വിയോജിച്ച് ഞാനിട്ട പോസ്റ്റ്... ജെ.എൻ.യു.വിദ്യാർത്ഥി നേതാവിനെ കോടതിയിൽ ഹാജരാക്കുമ്പോഴും നദിയുടെ അറസ്റ്റിന്റേയും പശ്ചാത്ത ലത്തിലുള്ള എന്റെ പ്രതികരണം... രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ ഞാൻ തൊടുത്തുവിട്ട പ്രതിഷേധശരങ്ങൾ... അതിന് അകമ്പടിയായി വന്നടിഞ്ഞ കമന്റുകൾ...

പരിചയമില്ലാത്ത ചിലരുടെ ഭീഷണിച്ചുവയുള്ള കമന്റുകൾ തമാശയായിട്ടേ അപ്പോൾ തോന്നിയിരുന്നുള്ളൂ. പക്ഷേ ഇത്ര പെട്ടന്ന്....! കഴിഞ്ഞ ദിവസം ദാസേട്ടന്റെ പീടികയിൽ നിന്നും സാധനം വാങ്ങുമ്പോൾ തെക്കെവീട്ടിൽ വിനീതൻ ചിരിച്ചു

കൊണ്ട് ചോദിച്ചത് ഓർമ്മയിൽ തെളിഞ്ഞു. 'ഇന്റ കളി ഇപ്പോ ഫേയ്സ്ബുക്കിലാ അല്ലെ...?' മറുപടി ഒരു ചിരിയിലൊതുക്കി. വിനീതന്റെ ചോദ്യത്തിന് ഒരു കൊളുത്തുണ്ടായിരുന്നോ...? അവൻ ഏത് പാർട്ടിക്കാരനാണ്...? ഒരു പരിപാടിയിലും അവനെ ഇതുവരെ കണ്ടിട്ടില്ല. എന്നാൽ എല്ലാവരുടേയും കൂടെ കാണുകയും ചെയ്യും. എത്രയും പെട്ടെന്ന് വീട്ടിലെത്തണമെന്ന അസഹ്യമായൊരു ദാഹം പൊടുന്നനെ കൊടുമ്പിരിക്കൊണ്ടു.

മുറ്റത്ത് നിന്നും കോലായിലേക്ക് കയറുമ്പൊഴേക്കും ഒരിരുട്ട് വന്ന് എന്നേ പുതപ്പിച്ചു. ചെറുശബ്ദങ്ങൾ അവ്യക്തമായി അറിയുന്നുണ്ടെങ്കിലും ഏതോ അഗാധ ഗർത്തത്തിലേക്ക് ഒഴുകിപ്പോവുകയാണ്. തണുത്ത വെള്ളത്തിന്റെ കുളിരിൽ പിണ ഞ്ഞെഴുന്നേൽക്കുമ്പോൾ മുന്നിൽ വേവലാതിയോടെ അമ്മയും അനുജനും.

''എന്താ മോനെ പറ്റ്യേ..., എന്താന്ന് പറ...?'' അമ്മ കരച്ചിലോളം എത്തിയിരുന്നു. നാവൊന്നുയർത്താനുള്ള ശക്തിപോലും ചോർന്നുപോയിരിക്കുന്നു. അനുജൻ നന്നായി പേടിച്ചിട്ടുണ്ട്. പച്ചവെള്ളം മുടുമുടെ വലിച്ച്കേറ്റി ആകെയൊന്ന് തണുത്തപ്പോൾ, നടന്നത് ഏകദേശം പറഞ്ഞൊപ്പിച്ചു. ജീൻസ് ഊരിയെടുത്തപ്പോൾ ഇടത് കാൽമുട്ടിൽ ചെറിയ പപ്പടവലുപ്പത്തിലും വലത് കാൽമുട്ടിൽ നാണയ വലുപ്പത്തിലും തൊലിപോയിരിക്കുന്നു. വലത് ഉള്ളംകൈ നീലിച്ച് കിടക്കുന്നു... പലഭാഗത്തും പോറലുകളുണ്ട്.

ഇതുവരെ ഇല്ലാത്തൊരു ഭീതി അമ്മയുടെ കണ്ണുകളിൽ വളരുന്നത് ഞാൻ കണ്ടു. ''ആള് മാറിയതായ്രിക്കും...'' ദയനീയമായ അമ്മയുടെ സ്വയം ബോധ്യപ്പെടുത്തലിൽ, ഒട്ടേറെ ചോദ്യങ്ങൾ എന്നിലും കിടന്ന് പുകയാൻ തുടങ്ങി.

അയൽവാസി സുരേഷിനേയും കൂട്ടി അനുജൻ സംഭവസ്ഥലത്തേക്ക് പുറപ്പെട്ടതിനുശേഷമാണ് വിടേണ്ടിയിരുന്നില്ലെന്ന തോന്നൽ കലശലായത്. എന്നെ കിട്ടാത്തത് കൊണ്ട് അവനെയെങ്ങാനും....? അതോ അവനെയാണോ ഉദ്ദേശിച്ചത്... അവൻ എന്നെപ്പോലെ അല്ല, അത്യാവശ്യം പാർട്ടി പ്രവർത്തനം ഉള്ളതാണ്. അടിവയറ്റിൽ നിന്നും ഒരു ഭയം നെഞ്ചിൻ കൂട് കാർന്നെടുക്കാൻ തുടങ്ങി...

കട്ടിലിൽ മലർന്നു വീഴുമ്പോൾ, ഉള്ളിലേക്കെടുക്കുന്ന ശ്വാസം വീണ്ടും കനം വച്ചിരുന്നു. ഹൃദയം പിടിതരാതെ മുകളിലേക്ക് കിടന്ന് കുതറുന്നു. ഇങ്ങനെ കിടന്നുപിടഞ്ഞാൽ അത് നിലച്ച് പോകുമോ എന്നൊരു ഉൾഭയം പെരുകാൻതുടങ്ങി... ലക്കും ലഗാനുമില്ലാതെ ചില ഓർമ്മകൾ ഉരുകിയൊലിച്ചുവന്നു.

ബൈക്കിന്റെ ശബ്ദം അടുത്തെത്തിയപ്പോഴാണ് അറിഞ്ഞത്. അവരിത്രവേഗം ഇങ്ങെത്തിയോ... എഴുന്നേല്ക്കാൻ തോന്നുന്നില്ല. കൈവിരലുകൾ പോലും ഒന്നിളക്കാൻ പറ്റാതെ മരിച്ചുകിടക്കുന്നു. അമ്മയുടെ ചോദ്യങ്ങളിൽ വഴുക്കി, ഞരങ്ങിമൂളി, കുട്ടൻ അകത്തേക്ക് കയറിപ്പോയത് ആശ്ചര്യപ്പെടുത്തി.

''എടാ..., എന്താ ഇണ്ടായേ...?'' അകത്തേക്ക് ചോദ്യമെറിയുന്ന അമ്മയുടെ ശബ്ദം കൂടുതൽ പരുക്കനായിട്ടുണ്ട്.

''എന്ത് ഇണ്ടായീന്നാ... ഒരു പുണ്ണാക്കുമില്ല.., മോന്തിക്ക് വെറുതെ മന്ശ്യന്മാരെ മെനക്കെടുത്ത്യേൻ...'' അമ്മയെ കീഴ്പ്പെടുത്താനുള്ള പാരുഷ്യമുണ്ടായിരുന്നു അവന്.

''നാമൂസെളക്കാണ്ട് കാര്യം പറഡാ..., ഓൻ ഇന്നപ്പോലെയല്ല...''

''ഓ... കിന്നപ്പോലെയല്ല..., എപ്പോം ഇങ്ങക്ക് അത് പറയേന്നല്ലെ നേരോള്ളൂ..., എന്നാ കേട്ടോ... ഒരു പാണ്ടി ലോറീന്റ ടയറ് പൊട്ട്യതാ... ഭയങ്കര നിലവിളി എല്ലാരും കേട്ടതാ... വീണാളുടെ പൊടിപോലും പിന്നെ കണ്ടില്ലത്രേ..! ബോംബാണ് പോലും ബോംബ്...'' ദേഷ്യം മുഴുവൻ കോണിപ്പടിയിൽ തീർത്ത് അവൻ കയറിപ്പോയി.

കുട്ടന്റെ നിർദ്ദയമായ പരിഹാസം ശവത്തിൽ കത്തി ആഴ്ന്നിറങ്ങുന്ന നിസ്സഹായതയിൽ ഞാനറിഞ്ഞു. പാണ്ടിലോറിയുടെ ടയറ് പൊട്ടിയതാത്രേ..! ചീള് കൊണ്ടതുപോലുള്ള കഴുത്തിലെ പോറലുകളിൽ കൈവിരലുകൾ അറിയാതെ ഇഴഞ്ഞു. ആഗ്രഹിക്കാത്ത ആ രംഗങ്ങൾ വീണ്ടും ഓർത്തെടുക്കാൻ ശ്രമിച്ചു. മുന്നിൽ നിന്നും വരുന്ന ലോറി.... ഇരുഭാഗങ്ങളിലായി ബുള്ളറ്റും ബൈക്കും ഇരമ്പി നിൽക്കുന്നത്... ഉഗ്രമായ സ്ഫോടനം.. വണ്ടിയിൽ നിന്ന് തെറിച്ച് വീഴുന്നത്... ഹെൽമറ്റിൽ പതിച്ച ഗംഭീരമായൊരിടി.. ആ സമയത്ത് നിലവിളിച്ചെന്ന്...!

അറിയാതെ കാലിളകിയപ്പോൾ പിടഞ്ഞുപോയ ഒരു വേദന മൂർദ്ധാവിലേക്ക് ഇരച്ചുകയറി. കൊലപാതകങ്ങൾ ആത്മഹത്യയും ബോംബുകൾ പടക്കവും ഏത് ക്രൗര്യവും ന്യായീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു ദേശത്ത്, എന്തും എങ്ങിനെയും നിർവചിക്കപ്പെടുമെന്ന് ഉള്ളിൽ നിന്ന് ആരോ ആ പിടച്ചലിനൊപ്പം പുലമ്പിക്കൊണ്ടിരുന്നു.

❋❋❋